# PETALS

## of Malankara

**430+**
Crore Business

**10000+**
Depositors

**20000+**
Happy Members

**11500+**
Loanees

***1ST HARVEST FESTIVAL OF THE LARGEST HYDROPONICS PROJECT IN KERALA INAUGURATED BY BOCHE (DR BOBY CHEMMANUR)***



Vol:8 | Issue : August 2022

PETALS of Malankara

# MALANKARA CREDIT SOCIETY LTD

LIBERTY THROUGH CO OPERATION

REGD. OFFICE: 4th FLOOR, WEST FORT TOWER, WEST FORT JN.,THRISSUR, KERALA-680004

REG. NO. MSCS/CR/297/2008

MALANKARA MULTI STATE CO-OPERATIVE CREDIT SOCIETY LIMITED

*Registered Under*

MINISTRY OF CO-OPERATION, GOVT. OF INDIA

www.mmsccs.com | info@mmsccs.com | Toll-free: 1800 313 1223



**BOCHE**
(Dr. BOBY CHEMMANUR)
812 Km. Run Unique World Record & Guinness Record Holder : World Peace
Social Worker | Sportsman | Businessman | Motivator | Entertainer
Chairman & Managing Director Boby Group of Companies

PETALS of Malankara

Corporate Monthly E-Magazine of
**Malankara Credit Society**

Printed and Published by:
**Mr.Jisso Baby**
CMD

**Editorial Board**
**Chief Editor**
**Mrs.Mariyama Pious**
Vice Chairman

**Associate Editor**
**Mr. Jose Mohan**
Vice President

**Members**
**Christo Johny**
**Anjali VR**
**Krishna KK**
**Anjali KV**
**Sadhik Aboobaker**

**Design & Layout**
**Domson Simon**

## Objectives:

TO
- Instil a sense of belonging and involvement
- Appreciate and upload the achievements
- Act as a communication medium
- Increase the professional competence

## Lucky Draw Contest for Malankara Members

GOLD COIN to the winner



**Malankara Credit Society employees are not eligible for the contest**

Please read the EMagazine to qualify for lucky draw contest.





Jisso Baby
CMD

# MESSAGE

You might be remembering that one of our Subsidiaries by name "Kendra Grameen" had undertaken a large project of Hydroponics in 5000 sq. meters area of temperature controlled poly house in two acres of land at Kalpetta, Waynad District of Kerala. We had planted Lettuce, Yellow and Red Capsicum, Celery etc. and the crops are expected within in three months. We are happy to inform our valuable members that the first yield was cropped on 13th August in a colourful function by Dr.Boby Chemmannur (Boche) our promoter and mentor in the presence of Kalpetta MLA Sri. T.Siddique, District Panchayath President Sri.Samshad Marakkar, Municipal Chairman Sri.Mujeeb Keyamthody, Ex-Mala Sri.C.K. Saseendran, ward member Sri. Sivaraman C.K. and other dignitaries. This project being the largest in Kerala had wide publicity through Print and Visual media and you might have seen them also. We are closely monitoring the project to achieve the desired output. We have agronomists, scientists and professional support to get maximum yield and profit out of this venture. We are also looking at other profitable ventures for a better performance of the Society at the year ending 31st March, 2023.

I am also happy to inform you that we are opening our Tamil Nadu Regional office at Kuniamuthur, Coimbatore on 29th of this month. Dr.Boby Chemmannur (Boche), our promoter will inaugurate the premises in the presence of other dignitaries. Along with our Regional office, our CFC (Customer Facilitation Centre) will also function at Kuniamuthur, our first business centre in Tamil Nadu. We will be disbursing loans also from Kuniamuthur from day one. With this initiation, we will be expanding our business in the State of Tamil Nadu, through more Customer Facilitation Centres. Further details and photos will follow in the next issue of e-magazine.

# കെട്ടിമേളം



അവന്റെ നോട്ടം ചെറുതായൊന്നുമല്ല എന്നെ ടെൻഷനിലാക്കിയത്.... ഞാനാകെ വിയർക്കാൻ തുടങ്ങി... കെട്ടിമേളം തുടരുമ്പോഴും എന്റെ ചങ്കിലായിരുന്നു മേളം നടന്നിരുന്നത്...

അതെ ഇന്ന് എന്റെ വിവാഹമാണ്... ഒരുപാട് പെണ്ണുകാണലിനുശേഷമാണ് ഇങ്ങനൊരു ആലോചന ഒത്തുവന്നത്... ലീവ് കുറവായത് കൊണ്ട് എല്ലാം എടുപിടീന്നായിരുന്നു... അതുകൊണ്ട് തന്നെ അവളെക്കുറിച്ച് അധികമന്വേഷിച്ചറിയാനും നിന്നില്ല... എന്നാലും സംസാരിച്ചിടത്തോളം അവൾക്ക് എതിർപ്പൊന്നും ഇല്ലായിരുന്നു... തന്നെയുമല്ല അവളോട് താൻ ചോദിച്ചതുമാണ് മുൻപ് ആരെങ്കിലുമായി പ്രണയബന്ധമുണ്ടായിരുന്നോ എന്ന്... 'ഉണ്ടായിരുന്നു... പക്ഷെ ഇപ്പോ ഇല്ല..' എന്നായിരുന്നു അവളുടെ മറുപടി... സത്യസന്ധമായ അവളുടെ സംസാരം എനിക്കിഷ്ടമായതുകൊണ്ടാണ് ഞാനീ കല്ല്യാണത്തിന് സമ്മതിച്ചത് തന്നെ... പക്ഷെ രണ്ടു ദിവസം മുൻപ് നടന്ന ഒരു സംഭവവും ഇന്ന് രാവിലെ എനിക്ക് വന്ന ഒരു ഫോൺകോളുമാണ് എന്റെ ഈ പേടിക്കു കാരണം... ആ സംഭവം എന്നെപ്പോലെ നിങ്ങൾക്കെല്ലാവർക്കുമറിയാം... താലികെട്ടിനുശേഷം കാമുകന്റെ ഒപ്പം ഇറങ്ങി പോകാൻ നിന്ന ആ പെൺകുട്ടിയെക്കുറിച്ച്... അത് കേട്ട് അന്തം വിട്ടിരിക്കുമ്പോഴാണ് ഇന്ന് രാവിലെ ഇറങ്ങുന്നതിന് മുമ്പ് ഒരു അജ്ഞാതന്റെ കോൾ... 'നിനക്ക് അവളെ കിട്ടില്ല... അവള് ഇന്ന് എന്റെ കൂടെ വരും' തിരിച്ച് എന്തെങ്കിലും പറയുന്നതിന് മുമ്പേ ഫോൺ കട്ട് ആയിരുന്നു... എന്റെ ഉള്ള ജീവൻ അതോടെ പോയിരുന്നു... അവളെ ഫോണിൽ വിളിച്ചിട്ടാണേൽ കിട്ടുന്നുമില്ലായിരുന്നു... കൂട്ടുകാരോട് പറഞ്ഞപ്പോൾ അവരാണ് ധൈര്യം തന്നത്... 'നീ ധൈര്യമായിരിക്ക്... ഇത് വല്ല ഫെയ്ക്ക് കോളായിരിക്കും... ഞങ്ങളുണ്ട് കൂടെ നീ ധൈര്യമായിരിക്ക്' എന്ന്... ആ ധൈര്യത്തിലാണ് ഇന്ന് ഇവിടെ നിൽക്കുന്നത്.. മണ്ഡപത്തിൽ കയറിയത് മുതൽ ഞാൻ ശ്രദ്ധിക്കുന്നതാണ് ഒരുത്തനെ... മുണ്ടും ഷർട്ടുമിട്ട് കല്ല്യാണചെക്കനെ പോലെയാണ് അവൻ നിക്കുന്നത്... തന്നെയുമല്ല എന്നെ നോക്കി ഒരു ആക്കിയ ചിരിയും ചിരിക്കുന്നുണ്ട് ആ പഹയൻ.. ഇവൻ തന്നെയാവണം അവൻ... എന്റെ മനസ്സിലൂടെ പല പല ചിന്തകൾ കടന്നുപോയി... പിന്നെ ആലോചിച്ചു 'പോണേൽ പോട്ടെ... എട്ടു ലക്ഷം രൂപ കിട്ടൂലോ... പിന്നെ സോഷ്യൽ മീഡിയയിൽ ഹീറോയുമാകും'... ഞാനവളുടെ മുഖത്തേക്ക് നോക്കി... ഇല്ല അവൾക്ക് ഒരു കൂസലുമില്ല... ചിലപ്പോ പഠിച്ച കള്ളിയായിരിക്കാം ഇവൾ... പൂജാരി എന്നോട് അവളുടെ അഭിമുഖമായി നിൽക്കാൻ പറഞ്ഞു... ഈശ്വരാ താലികെട്ടാറായല്ലോ... ഞാൻ അവനെ തിരിഞ്ഞു നോക്കി.. അവൻ അവിടെ തന്നെ നിൽക്കുന്നുണ്ട്.. ആ സമയത്താണ് അവൾ എന്റെ അടുത്തേക്ക് നീങ്ങിവന്ന് ആ കാര്യം പറഞ്ഞത്... 'സുധീഷേട്ടാ..ദാ അവിടെ ആ മതിലും ചാരിനിൽക്കുന്നവനില്ലിലേ അവനാ എന്റെ പണ്ടത്തെ കാമുകൻ...' ഞാൻ തിരിഞ്ഞു നോക്കി... അതെ അവൻ തന്നെ.. ഈശ്വരാ ഇവളെന്താ ഈ പറയാൻ വരുന്നത്... വിറയലോടെ ഞാനവളുടെ ചുണ്ടുകളിലേക്ക് നോക്കി..

'ചേട്ടൻ പേടിക്കണ്ടാട്ടോ... ഞാൻ ആ നട്ടെല്ലില്ലാത്തവന്റെ കൂടെ പോകില്ല... ഈ കല്ല്യാണം ഉറപ്പിക്കുന്നതിന് മുൻപ് അവനെന്നേലും എന്നെ വിളിച്ചിറക്കിയിരുന്നെങ്കിൽ എന്ന് ഞാനാശിച്ചിരുന്നു... പലവട്ടം ഞാനത് പറഞ്ഞതുമാണ്... പക്ഷെ ഇന്നലെ അവൻ വിളിച്ചു പറഞ്ഞിരിക്കുന്നു ഇന്ന് അവന്റെ കൂടെ ഇറങ്ങി വരണമെന്ന്... എനിക്ക് മനസാക്ഷി എന്നൊന്നുണ്ടെന്ന് അവൻ അറിയാതെ പോയി... ഇനി എനിക്ക് ഏട്ടന്റെ കൂടെ സന്തോഷമായി ജീവിച്ചു കാണിക്കണം... അതാണ് അവനുള്ള എന്റെ മറുപടി.. ധൈര്യമായി കെട്ട് ചേട്ടാ'

'ഹോ..ഇപ്പോഴാ എന്റെ ശ്വാസം നേരെ വീണത്'

ആ കെട്ടിമേളം തുടങ്ങട്ടെ...

അങ്ങനെ അന്തസ്സായി തന്നെ ഞാനവളുടെ കഴുത്തിൽ താലികെട്ടി... അവളുടെ കയ്യും പിടിച്ച് വലം വയ്ക്കുമ്പോൾ എന്റെ കണ്ണുകൾ അവനെയൊന്നു പരതി... പക്ഷെ അവിടെങ്ങും അവന്റെ പൊടിപോലുമുണ്ടായിരുന്നില്ല... അങ്ങനെ ആർഭാടമായിത്തന്നെ ഞങ്ങടെ കല്ല്യാണം കഴിഞ്ഞു... അന്ന് രാത്രി രണ്ട് ദിവസം മുൻപ് കാമുകന്റെ കൂടെ പോകാൻ നിന്ന ആ പെണ്ണിനെ കുറിച്ചോർത്ത് ഞങ്ങളൊരുപാട് സംസാരിച്ചു..

തേപ്പുപെട്ടിക്കുള്ളിൽ അവളുടെ ഒരു ഫോട്ടോ വച്ചുകൊണ്ടുള്ള ഒരു ട്രോൾ ആണ് ഞങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ടത്... അവൾ ചെയ്തതിനോട് ഞങ്ങൾക്ക് പൂർണ്ണമായും വിയോജിപ്പായിരുന്നു... പക്ഷെ സത്യമെന്താണെന്നറിയാതെ ഒരാളെ പഴിചാരാനും പറ്റില്ലല്ലോ? എന്തായാലും അങ്ങനെ ചെയ്യാതിരുന്നതിൽ അവളെ അഭിനന്ദനങ്ങൾ കൊണ്ടു മൂടാനും ഞാൻ മറന്നില്ല...

പിറ്റെ ദിവസം ഉറക്കമുണർന്ന് പതിവുപോലെ ഫേയ്സ് ബുക്ക് ഓപ്പൺ ചെയ്ത ഞാൻ ശരിക്കും ഞെട്ടിപ്പോയി... തേപ്പുപെട്ടിക്കുള്ളിൽ എന്റെ പ്രിയതമയുടെ ഫോട്ടോ ആരോ ഷെയർ ചെയ്തിരിക്കുന്നു... പോരാത്തിന് ഒരു പാട് ട്രോളുകളും... കാമുകനെ തേച്ചിട്ട് ഭർത്താവിന്റെ ഒപ്പം പോയവൾ എന്നായിരുന്നു തലക്കെട്ട്...

എന്റെയും ഫോട്ടോ ഉണ്ടായിരുന്നു...' തേപ്പ് പെട്ടി ബമ്പർ ആയി കിട്ടിയ ഹതഭാഗ്യൻ..' എന്നായിരുന്നു പിൻകുറിപ്പ്..

ആ കള്ള കാമുകൻ പറ്റിച്ചപണിയാണ്... ഫെയ്സ് ബുക്കിൽ അവൾ അവനെ തേച്ച് മറ്റൊരുത്തന്റെ മുന്നിൽ കഴുത്ത് നീട്ടിയത്രേ.... അതിനെ അനുകൂലിക്കാൻ കുറെ ട്രോളൻമാരും... പെണ്ണ് എന്നും തേപ്പുകാരിയാവുന്നതിലെ വിരോധാഭാസം എനിക്കപ്പോഴാണ് പിടികിട്ടിയത്...

അവിടെ ആ ഭർത്താവിനെ എല്ലാവരും ചേർന്ന് ഹീറോ ആക്കിയപ്പോൾ ഇവിടെ അത് കാമുക നായി മാറി എന്നുമാത്രം...കലികാലം..



JTN(സഞ്ചാരി)

# ಹೆಸರಿನಲ್ಲಿ ಏನಿದೆ?

ಮಹಾತ್ಮರಿಗೊಬ್ಬ ಶಿಷ್ಯನಿದ್ದ. ಅವನ ಹೆಸರು ದುಷ್ಟ ಅಂತ. ಆ ಶಿಷ್ಯನಿಗೆ ತನ್ನ ಹೆಸರಿನ ಬಗ್ಗೆ ಅತೀವವಾದ ನೋವಿತ್ತು. ಕೆಟ್ಟ ಕೆಲಸ ಮಾಡದಿದ್ದರೂ ಲೋಕದ ದೃಷ್ಟಿಯಲ್ಲಿ ದುಷ್ಟನಾದೆನಲ್ಲ ಎಂಬ ಕೊರತೆ ಅವನನ್ನು ಕಾಡುತಿತ್ತು. ಒಂದು ದಿನ ಆತ ಗುರುಗಳ ಬಳಿ ಹೋದ. ತನ್ನ ಸಂಕಟವನ್ನು ತೋಡಿಕೊಂಡ. ಗುರುಗಳು ನಕ್ಕು ನುಡಿದರು. ಹೊರಗಿನ ಪ್ರಪಂಚವನ್ನು ಒಮ್ಮೆ ಸುತ್ತಿ ಬಾ. ಯಾರ್ಯಾರ ಹೆಸರು ಹೇಗಿದೆ ಎಂಬುದನ್ನು ತಿಳಿದುಕೊಂಡು ಬಾ ಎಂದರು.

ಗುರುಗಳ ಆಜ್ಞೆಯಂತೆ ಶಿಷ್ಯನು ಲೋಕಸಂಚಾರಕ್ಕೆ ಹೊರಟ. ಮಾರ್ಗಮಧ್ಯೆ ಬಿಕ್ಷುಕನೊಬ್ಬ ಎದುರಾದ. ಅವನೋ ದಟ್ಟದರಿದ್ರ ಆದರೆ ಅವನ ಹೆಸರು ಮಾತ್ರ ಶ್ರೀಮಂತನೆಂದಾಗಿತ್ತು. ಮರುದಿನ ಅವನಿಗೆ ದಾರಿಯಲ್ಲಿ ಅಳುತ್ತಿದ್ದ ಯುವಕನೊಬ್ಬ ಎದುರಾದ. ಯಾಕಯ್ಯಾ ಅಳುತ್ತಿದ್ದೀಯಾ? ಎಂದು ಪ್ರಶಿಸಿದ ಆ ಶಿಷ್ಯ. ನನಗೆ ವ್ಯಾಪಾರದಲ್ಲಿ ಅತೀವ ನಷ್ಟವಾಯಿತು. ನನ್ನ ಮಗ ತನ್ನೆಲ್ಲಾ ಸಮಯವನ್ನು ಜೂಜಿನಲ್ಲೇ ವ್ಯಯ ಮಾಡುತ್ತಾನೆ. ನನ್ನ ಹೆಂಡತಿಯೂ ಸದಾ ಕಾಯಿಲೆಯಲ್ಲೇ ನರಳುತ್ತಿರುತ್ತಾಳೆ ಎಂದ ಆ ಯುವಕ.

ಆ ಶಿಷ್ಯನೋ ಕುತೂಹಲದಿಂದ ನಿಮ್ಮ ಹೆಸರೇನು ಎಂದು ಪ್ರಶಿಸುತ್ತಾನೆ. ಆ ಯುವಕ ತನ್ನ ಹೆಸರು ಆನಂದ ಎನ್ನುತ್ತಾನೆ. ಅದೇ ದಿನ ಗುರುಗಳ ಶಿಷ್ಯನ ಕಣ್ಮುಂದೆಯೇ ರಾಜಾಜ್ಞೆಯಂತೆ ಒಬ್ಬನನ್ನು ಮರವೊಂದಕ್ಕೆ ನೇಣು ಹಾಕುತ್ತಾರೆ. ಹೀಗೆ ಶಿಕ್ಷೆಗೆ ಗುರಿಯಾದ ವ್ಯಕ್ತಿಯ ಹೆಸರೋ ಚಿರಂಜೀವಿ ಎಂತಾಗಿರುತ್ತದೆ.

ದೃತಿಗೆಟ್ಟ ಶಿಷ್ಯ ಗುರುಗಳ ಬಳಿ ಹಿಂದಿರುಗುತ್ತಾನೆ. ಏನಯ್ಯಾ ಶಿಷ್ಯ ದಾರಿಯಲ್ಲಿ ಯಾವ್ಯಾವ ಹೆಸರಿನವರನ್ನು ಸಂಧಿಸಿದೆ? ಯಾರಾ ಹೆಸರನ್ನು ಇಟ್ಟುಕೊಳ್ಳಲು ಬಯಸುತ್ತೀಯಾ ಎಂದು ಗುರುಗಳು ಪ್ರಶ್ನೆ ಮಾಡುತ್ತಾರೆ.

ಇಲ್ಲಾ ಗುರುಗಳೇ ನಾನೀಗ ಮನಸ್ಸು ಬದಲಿಸಿಕೊಂಡಿದ್ದೇನೆ. ಕೇವಲ ಹೆಸರನ್ನು ಇಟ್ಟುಕೊಳ್ಳುವುದರಿಂದ ಏನೂ ಪ್ರಯೋಜನವಿಲ್ಲ. ಎನ್ನುವ ತೀರ್ಮಾನಕ್ಕೆ ಬಂದಿದ್ದೇನೆ.



**SHASHIDHARA**
BDM - Bangalore RO

സരോജിനി നായിഡുവിന്റെ The poet to death എന്ന കവിതയുടെ പരിഭാഷ

## മരണത്തിനോട്

മധുരമാം എന്നുടെ ജീവിതമിന്നതിൻ
വസന്തകാലത്തിനെ കാത്തു നിൽക്കെ;
ചുറ്റിലും പാടും കിളികൾക്കു കൂട്ടിനായ്
മരച്ചില്ലകൾ താളം പിടിച്ചുനിൽക്കെ;
മരണമേ നീയല്പം കാത്തുനില്ക്കൂ
ഇപ്പോഴെനിക്കു മരിച്ചിടേണ്ട.

നട്ടുനനച്ചുവളർത്തിയ സ്വപ്നങ്ങൾ
കൊയ്തെടുക്കാതിരിക്കുവോളം;
എന്റെ സന്തോഷങ്ങളിട്ടു വയ്ക്കും
നിലവറ നിറയാതിരിക്കുവോളം;
സുന്ദരമാകുമെൻപ്രിയ പാട്ടുകൾ
മറ്റാരും പാടാതിരിക്കുവോളം;
എന്നെ നിഴൽ പോലെ പിന്തുടരും
മിഴിനീരൊഴുകിയടങ്ങുവോളം;
മരണമേ നീയല്പം കാത്തുനില്ക്കൂ
ഇപ്പോഴെനിക്കു മരിച്ചിടേണ്ട.

ആകാശഭൂമികൾ സ്നേഹാശിഷങ്ങളാൽ
എന്നെ തൃപ്തിപ്പെടുത്തുവോളം;
എന്നുള്ളിലെ മർത്ത്യാഭിലാഷങ്ങളെല്ലാം
നിറവേറിശമിക്കുവോളം;
മരണമേ നീയല്പം കാത്തുനില്ക്കൂ
ഇപ്പോഴെനിക്കു മരിച്ചിടേണ്ട.



**വിവേക് എരണേഴത്ത്**
Asst. Manager Liability

പാചക രംഗം

# ഗോതമ്പ് പുട്ട്

### ആവശ്യമുള്ള സാധനങ്ങൾ

**ഗോതമ്പു പൊടി - 1 cup**
**തേങ്ങ ചിരവിയത് - 2 cup**
**ചോറ് - 1/ 2 cup**
**ഉപ്പ് - ആവശ്യത്തിന്**

### തയ്യാറാക്കുന്ന വിധം

ഗോതമ്പു പൊടി മിക്സിയുടെ പൊടിക്കുന്ന ജാറിൽ ഇടുക പാകത്തിന് ഉപ്പ് ചേർക്കുക. അതിലേക്കു ചോറ് ചേർക്കുക. മിക്സി ഒരു പ്രാവശ്യം പെട്ടെന്ന് അടിക്കുക. ഇപ്പോൾ ഈ പൊടി പുട്ടു പൊടിയുടെ പാകമായിട്ടുണ്ടാകും. വെള്ളം ചേർക്കരുത്. അതിനു ശേഷം പുട്ടും കുറ്റിയിൽ സാധാരണ പുട്ട് ചുടുന്ന പോലെ നാളികേരം വെച്ച് ആവിയിൽ വേവിച്ചെടുക്കുക.





**MARIYAMA PIOUS**
Vice -Chairman


## എന്റെ ചെമ്പരത്തിപ്പൂ....

ഇടയിലൊരു സുഗന്ധം വരുന്നില്ലേ.?
അലഞ്ഞു നടന്നു നോക്കാം...
വളരെ പഴകിദ്രവിച്ചൊരാത്മ ബന്ധങ്ങളിലും,
കണ്ണടച്ചു ഇരുട്ടിൽ തപ്പിയ ഭിക്ഷാപാത്രങ്ങളിലും.

നടന്നു മുന്നോട്ടുനീങ്ങുമ്പോഴെല്ലാം
സുഗന്ധമില്ലാതാകുന്നു.
ചവിട്ടിയരച്ച പൂക്കളും..
ഞെട്ടറ്റു വീണ പൂക്കളും..
കൊഴിഞ്ഞു പോയ പൂക്കളും..

കൊഴിഞ്ഞുനീങ്ങിയവയിലെല്ലാം
തായ് വേരുകളാഴ്ന്നിറങ്ങിയ
മണ്ണും ആത്മാവും മാത്രം..

പറിച്ചെറിയുക...കണ്ണടക്കുക...
സുഗന്ധമുള്ള പൂക്കളോടായ് ചേരുക...
ഇടയിലെത്തുന്നൊരാ
പൂവിൻ സുഗന്ധവുമില്ലാതാകട്ടെ..

**VISHNU VS**
Civil Engineer

## അഴകായ് പെയ്തവൾ

അകമേ തണുത്തൊരൻ നെഞ്ചമതിന്നറിയാതെ, പെയ്ത
തിമിർത്തു നീ
ആവോളം മുന്നിലായ്
പകലിലെ ചൂടിന്ന്, മാറി നിൻ വരവിലായ്
ദേഹം വിറച്ചിന്ന് നിൻ നേർത്ത
കുളിരിനാൽ
തൊട്ടൊന്നറിയാനായ് കൈ മെല്ലെ നീട്ടി ഞാൻ, ശക്തിയായ്
ചുംബിച്ച
നീയെൻ വിരൽ തുമ്പിലായ്
മടിച്ചൊന്നു നിന്നെന്നെ മെല്ലെ തഴുകി നീ
നനഞ്ഞിതാ ദേഹമെൻ,
നീയെന്ന പെണ്ണിലായ്
എന്നെ മറന്നിതാ കുളിരും മറന്നിതാ
നെഞ്ചം പിടഞ്ഞിതാ നീയെന്ന
മോഹമായ്
തുള്ളിയായ് പെയ്ത നിൻ,
നേർത്ത ചൂട്ട ചുംബനം
മഴയായ് മെല്ലെയിന്നൊഴുകിടുമ്പോൾ..
ആഴിയിൽ ചേരുവാൻ മോഹിച്ച നദിയെപോൽ
നിന്നെ നനയാനായി
മറന്നിതാ ഇന്നെന്നെ ഞാൻ..



**ശിൽഷാഭദ്ര**
Operation Executive



## മനസ്സ്

മഴതോർന്നൊരീ നേരം
മിഴിതോർന്നു ഞാൻ നിൽക്കെ
വിരഹാർദ്രമായ് തിരഞ്ഞു
ഒരു നോക്കു കാണാൻ വിതുമ്പി

പകൽമഞ്ഞിനാൽ മൂടും
പടിവാതിലിൽ ഇന്നെൻ
കിനാക്കളെല്ലാം പറന്നു
മണ്ണിൻ നിശബ്ദതയോടലിഞ്ഞു.

മിഴികളിലായ് വിടർന്നൊരെൻ
പ്രണയമേ നീ ഇന്നും
മൊഴിയിൽ വരാൻ മടിച്ചു
എന്തേ മൊഴിയിൽ വരാൻ മടിച്ചു.



**SUBHA KRISHNA**
Operation Executive

## വിരഹം

നഷ്ട സ്വപ്നങ്ങളായിരുന്ന നിൻ ഓർമ്മതൻ....
പ്രണയം നിറച്ചൊരു മധുരമാം നൊമ്പരം
എന്നിൽ വന്നു ചേരുമ്പോൾ,
വേദന നിറച്ചൊരു പടിയിറങ്ങൽ ഞാൻ മുന്നിൽ കാണവേ...

എന്നിലെ നഷ്ടപ്രണയത്തെ നെഞ്ചോടു ചേർക്കുമ്പോൾ
നിലയ്ക്കാൻ ആവാതെ ഒഴുക്കുന്ന നിൻ
ഓർമ്മതൻ സ്നേഹം....

**SABNA**
Executive Daily Loan





# സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ



**Jose ML**
Chief Manager - Operations

ഇന്ത്യ സ്വാതന്ത്രമായിട്ട് 75 വർഷങ്ങൾ പിന്നിടുന്നു. 200 വർഷങ്ങളോളം ബ്രിട്ടീഷുകാരുടെ ചൂഷണത്തിനു വിധേയമായിക്കഴിഞ്ഞ ഒരു ജനത സ്വാതന്ത്ര്യത്തിന്റെ മധുരം നുണഞ്ഞിട്ട് 75 വർഷം പിന്നിടുമ്പോൾ, നാം എവിടെ എത്തിനിൽക്കുന്നു എന്ന് വിശകലനം ചെയ്യേണ്ടത് ഈ സന്ദർഭത്തിന് അനുയോജ്യമാണ്. സാമ്പത്തികവും സാമൂഹ്യവുമായ യഥാർത്ഥ സ്വാതന്ത്ര്യം ഇനിയും അകലെയാണ്.

സാമ്പത്തികമായി നാം വളരെ മുന്നേറിക്കഴിഞ്ഞു. കോവിഡിന്റെ തിക്ത ഫലങ്ങളിൽ നിന്നും മുക്തി നേടുകയും സാമ്പത്തിക വളർച്ചാനിരക്ക് 7% ലേക്ക് ഉയരുകയും ചെയ്തു. മറ്റു പല രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സാമ്പത്തിക വളർച്ചാ നിരക്ക് വളരെ നല്ല നിലയിലാണ്. വിദേശ നാണ്യ കരുതൽ ശേഖരം വളർന്നുകൊണ്ടേയിരിക്കുന്നു. 1947ൽ ഉണ്ടായിരുന്ന 30 കോടി ജനസംഖ്യയിൽ നിന്ന് 140 കോടിയിലെത്തിയിട്ടും രാജ്യത്തെ ജനങ്ങളുടെ പട്ടിണി മാറ്റാൻ നമുക്ക് കഴിഞ്ഞു. ആരോഗ്യരംഗം അഭിവൃദ്ധിപ്പെട്ടതിനാൽ മരണനിരക്ക് വളരെ കുറഞ്ഞു. ശരാശരി ആയുർദൈർഘ്യം ഇരട്ടിയേക്കാൾ കൂടുതൽ വർദ്ധിച്ചു.

പക്ഷേ വിമർശനാത്മകമായി വിലയിരുത്തുമ്പോൾ, ഈ നേട്ടങ്ങളുടെ ഗുണഫലങ്ങൾ എല്ലാവരിലേക്കും എത്തിക്കാൻ ഇനിയും നമ്മുടെ സംവിധാനങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്ന് മനസിലാക്കാം. കോടീശ്വരന്മാരുടെ എണ്ണത്തിലുള്ള വർദ്ധന ഒരുവശത്ത് സംഭവിക്കുമ്പോൾ, ജനങ്ങൾക്കുള്ള ക്ഷേമ പദ്ധതികളും വർദ്ധിക്കേണ്ടിയിരിക്കുന്നു അടിസ്ഥാന സൗകര്യ വികസനം ഇന്ത്യയെപ്പോലെയുള്ള രാജ്യത്തിന് അനിവാര്യമാണ് . അടിസ്ഥാന സൗകര്യ വികസനമാണ് സാമ്പത്തിക വികസനത്തിന്റെ അടിത്തറ. ഈ രംഗത്ത് പൊതു മേഖലയുടെയും സ്വകാര്യമേഖലയുടെയും  വൻ നിക്ഷേപങ്ങൾ ആവശ്യമാണ്. വികസിത രാജ്യങ്ങളുടെ മാതൃക പരിശോധിച്ചാൽ  ഈ കാര്യം വ്യക്തമാകുന്നതാണ്. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യമേഖലയിലും ഇനിയും കൂടുതൽ ശ്രദ്ധ ആവശ്യമാണ്. എല്ലാവർക്കും വിദ്ധ്യാഭ്യാസം ലഭിക്കുമ്പോൾ ജനങ്ങളുടെ ചിന്താധാര തന്നെ മാറുന്നു. വ്യത്തിബോധവും പുരോഗതിക്കാവശ്യമായ നൂതനാശയങ്ങളും വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നു.

സ്ത്രീ സമത്വത്തിൽ നാം വളരെ പുറകിലാണ് എന്ന കാര്യം പറയാതിരിക്കാൻ വയ്യ. സ്ത്രീകളെ പുരുഷന്മാർക്കൊപ്പം തുല്യതയോടെ കാണുന്ന ഒരു സമൂഹത്തിനു മാത്രമേ വികസനത്തിന്റെ നല്ല ഫലങ്ങൾ അനുഭവിക്കാൻ സാധിക്കുകയുള്ളൂ. സാമ്പത്തിക വളർച്ചയോടൊപ്പം സാമൂഹ്യ സമത്വവും ഉറപ്പാക്കുമ്പോഴാണ് വികസിത രാജ്യം എന്ന സ്വപ്നം യാഥാർത്ഥ്യമാകുന്നത്.



# ദശപുഷ്പങ്ങൾ




**RALIKA PR**
Senior Executive - Agriculture Hydroponics


ദശപുഷ്പങ്ങൾ എന്നറിയപ്പെടുന്നത് പത്തുതരം ഇലകളാണ് ചിലവയ്ക്ക് ചെറിയ പൂക്കളും കാണും വിശ്വാസ സംബന്ധമായും ചികിത്സാ സംബന്ധമായും ദശപുഷ്പങ്ങൾക്ക് പ്രാധാന്യമുണ്ട്.

1. വിഷ്ണു ക്രാന്തി/കൃഷ്ണ ക്രാന്തി 2. കറുക 3. മുയൽ ചെവിയൻ
4. തിരുതാളി 5. ചെറുള 6. നില്പന 7. കയ്യോന്നി
8. പൂവാം കുറുന്തൽ 9. മുക്കുറ്റി 10. ഉഴിഞ്ഞ

ധനുമാസത്തിലെ തിരുവാതിരനാളിൽ സ്ത്രീകൾ ഉപവാസമനുഷ്ഠി ച്ച ശേഷം പാതിരാവിൽ കുളിക്കുന്നതിന് മുൻപ് ദശപുഷ്പം ചൂടുന്നു ധനുമാസ രാവിന്റെ കുളിരിൽ നിന്നും മറ്റ് അനുബന്ധങ്ങളി ൽ നിന്നും രക്ഷ നേടാൻ ഇത് സഹായിക്കുമെന്ന് കരുതപ്പെടുന്നു.

കർക്കിടക മാസത്തിൽ ദശപുഷ്പം ചൂടുന്നത് രോഗ ശമനത്തിനും പാപപരിഹാരത്തിനു ഉതകുമെന്ന് വിശ്വാസമുണ്ട്. കർക്കിടക കഞ്ഞിയിൽ ദശപുഷ്പങ്ങൾ ഒഴിച്ചുകൂടാനാവാത്ത ഘടകമാണ് പത്തുതരം ഇലകളാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

## വിഷ്ണു ക്രാന്തി

സംസ്കൃതത്തിൽ: ഹരികോന്തിജ നീലപുഷ്പം എന്ന പേര് ജ്വര ചികിത്സയ്ക്ക് ഈ സസ്യം ഉപയോഗിക്കുന്നു. നിലത്ത് പടരുന്ന ഈ ചെടിയുടെ പൂക്കൾക്ക് നീല നിറമാണ്. ബുദ്ധിശക്തി വർദ്ധിപ്പിക്കാനും തലമുടി തഴച്ചു വളരാനും ഈ സസ്യം വിശേഷപ്പെട്ടതു തന്നെ.

## കറുക

സംസ്കൃതം: ശതപർവിക, ദുവ, ഭാർഗവി തണ്ടിന്റെ നിറത്തിനനുസരിച്ച് നീലകറുകയും വെള്ള കറുകയും ഉണ്ട്. അമിതമായ രക്തപ്രവാഹം നിർത്താനും കഫപിത്ത രോഗങ്ങൾക്കും കറുക ഉപയോഗിക്കാം, പനിക്കും ത്വക്ക് രോഗങ്ങൾക്കും.

## മുയൽ ച്ചെവിയൻ

സംസ്കൃതം ചിത്രപചിത്ര, സംഭരി
നേത്രരോഗങ്ങൾ, ടോൺസിലൈറ്റിസ്, പനി തുടങ്ങിയ രോഗങ്ങൾക്ക് ഔഷധമാണ്. വിര ശല്യം അകറ്റും

## തിരുതാളി

സംസ്കൃതം ലക്ഷമണ
ഈ വള്ളിച്ചെടിയിൽ പിങ്ക് നിറത്തിലുള്ള പൂക്കളാണുള്ളത്. വന്ധ്യത, പിത്തരോഗങ്ങൾ എന്നിവയ്ക്ക് തിരുതാളി മരുന്നാണ്.

## ചെറുള

സംസ്കൃതം: ഭദ്രിക, ഭദ്യക
മൂത്രാശയ രോഗങ്ങൾക്ക് മരുന്നായി ഉപയോഗിക്കുന്നു നീര് വരുന്നത് തടയും

## നിലപ്പന

സംസ്കൃതം: താലമൂലി, വരാഗി, താലപത്രിക. ആയുർവേദ വിധിപ്രകാരം ഇത് വാജികരണത്തിന് ഉപയോഗപ്പെടുത്തുന്നു. മഞ്ഞപ്പിത്തത്തിനു മരുന്നായും ഇത് ഉപയോഗിക്കുന്നു. നാഡിഞരമ്പുകളെ ഉത്തേജിപിക്കാം. ഉദരസംബന്ധമായ രോഗങ്ങൾക്കും

## കയ്യോന്നി

സംസ്കൃതം: കേശരാജ, കുന്തള വർദ്ധിനി തലമുടി സമൃദ്ധമായി വളരുന്നതിന് ഇതിന്റെ ഉപയോഗം സഹായിക്കുന്നു. ഈർപ്പമുള്ള സ്ഥലങ്ങളിൽ തഴച്ചു വളരുന്ന ഈ സസ്യം കാഴ്ചശക്തി വർദ്ധിപ്പിക്കാനും ഉപകരിക്കും, കരൾ സംബന്ധമായ അസുഖങ്ങൾക്ക്.

## പൂവാം കുറുന്തൽ

സംസ്കൃതം: സഹദേവി
രക്ത ശുദ്ധീകരണം, പനി, തേൾ, വിപം എന്നിവയ്ക്ക് ഔഷധമാണ്. തൊവേദനയ്ക്കും ഉദര അസുഖങ്ങൾക്കും.

## മുക്കുറ്റി

സംസ്ക്യതം: ജലപുഷ്പം
കഫക്കെട്ട്, വയറിളക്കം, വ്രണങ്ങൾ കരിയുന്നതിന് എന്നിവയ്ക്ക് ഉപയോഗിക്കുന്നു രക്തസ്രാവത്തെതടയും, അജീർണത്തിന് ഉത്തമം

## ഉഴിഞ്ഞ

സംസ്കൃതം ഇന്ദ്രവല്ലി
മുടികൊഴിച്ചിൽ, നീര്, വാതം, പനി എന്നിനയ്ക്ക് പ്രതിവിധിയാണ്, താരൻ മാറാൻ മുടിക്ക് കറുപ്പ് നിറം നൽക്കും

---

# காற்று மாசடைதலும், மனித ஆரோக்யமும்

காற்று மாசுபாட்டின் மூலம் தீங்கு விளைவிக்கும் விளைவுகளிலிருந்து பாதுகாக்க பின்வரும் முன்னெச்சரிக்கை நடவடிக்கைகளை மேற்கொள்ளுங்கள்

1. வீட்டை விட்டு வெளியேறுவதற்கு முன்பு வானிலை அறிக்கைகள் மூலம் மாசு அளவை தினமும் சரிபார்த்தல்.
2. மாசு அளவு அதிகமாக இருக்கும்போது, வெளிப்புற பயிற்சிகள் அல்லது நடைகளைத் தவிர்த்தல்.
3. நம்மைச் சுற்றி அதிக வாகன போக்குவரத்துப் பகுதிகள் இருக்கலாம், ஒருவர் அந்த பகுதிகளில் உடற்பயிற்சி செய்வதையோ அல்லது நடப்பதையோ தவிர்க்க வேண்டும்.
4. காற்று மாசுபாட்டை ஏற்படுத்தும் உங்கள் வீடுகளில் ஆற்றல் மூலங்களை (energy source) பயன்படுத்துவதைத் தவிர்க்கவும். அதற்கு பதிலாக புதுப்பிக்கத்தக்க ஆற்றல் மூலங்களைப் பயன்படுத்தலாம். இது காற்று மாசுபாட்டைக் குறைத்து காற்றின் தரத்தை மேம்படுத்தவும் கிரீன்ஹவுஸ் வாயு வெளியேற்றத்தைக் கட்டுப்படுத்தவும் உதவும்.
5. நடைபயிற்சி, மிதிவண்டியை பயன்படுத்துதல், பொதுப் போக்குவரத்தைப் பயன்படுத்துதல் அல்லது கார்பூலிங் செய்வது வாகனங்கள் வெளியிடும் வாயுக்களின் எண்ணிக்கையைக் குறைக்கும்.
6. மரம் அல்லது குப்பைகளை எரிக்க வேண்டாம். இது மனித ஆரோக்கியத்திற்கு தீங்கு விளைவிக்கும் வெப்பத்தை உருவாக்குகிறது.
7. வீட்டுக்குள் புகைப்பதை தவிர்க்கவேண்டும்.

நம்மைச் சுற்றியுள்ள காற்றின் தரத்தை சிறந்ததாக்குவது ஒட்டுமொத்த மனித ஆரோக்கியத்தை மேம்படுத்துவதோடு, சுற்றுச்சூழலில் காற்று மாசுபாட்டின் தாக்கத்தையும் குறைக்கும் என்பதால் பொறுப்புடன் செயல்படுவோம்.




**JANARDHANAN**
Senior Manager - Admin










*Malankara Credit Society's first Customer Facilitation Center at Vadakkencherry, Palakkad district was inaugurated by Honorable Dr. Bobby Chemmannur (Boche) on 6th July at 11 am.*











*Rededicating Malankara Credit Society Vyttila branch by Dr Boby Chemmannur on 29/07/2022*





# കളരിപ്പയറ്റ്

**Omal Sanker AM**
Senior Executive Personal Loan





എന്റെ പിതാവും ഗുരുവും കൂടിയായ ശ്രീ. മുരുകൻ ഗുരുക്കളിന്റെ ശിഷ്യത്വം സ്വീകരിച്ച് 1996ൽ മഹാത്മ കലാക്ഷേത്ര കളരി സംഘം, ചാലക്കുടിയിൽ വച്ചായിരുന്നു കേരളത്തിന്റെ അയോദ്ധന കലയായ കളരിപ്പയറ്റിൽ ഞാൻ ആദ്യ ചുവടു വച്ചത്. വടക്കൻ സമ്പ്രദായ രീതിയിൽ ഉള്ള പരിശീലനവും ചിട്ടകളുംമാണ് കളരിയിൽ പരിശീലിപ്പിക്കുന്നത്... മെയ്പ്പയറ്റ്, കോൽത്താരി(മുച്ഛാൻ, കെട്ടുകാരി, ഒറ്റ etc...), അങ്കത്താരി(വാൾപ്പയറ്റ്, ഉറുമി, കാഠാരപ്പയറ്റ് etc...) എന്നിങ്ങനെയുള്ള ആയോദന മുറകളും യോഗ, കളരി മർമ്മ ഉഴിച്ചിലുകൾ തുടങ്ങിയവ എന്റെ അച്ഛന്റെ ശിക്ഷണത്തിൽ ഇന്നും മുറ തെറ്റാതെ പിന്തുടർന്ന് പോരുന്നു... കൂടാതെ അനേകം വേദികളിൽ കളരിപ്പയറ്റ് പ്രദർശനങ്ങളും, കേരളോത്സവം, കളരിപ്പയറ്റ് ജില്ലാ സംസ്ഥാന മത്സരങ്ങളിൽ വിജയങ്ങൾ കരസ്തമാക്കാൻ സാധിക്കുകയും ചെയ്തു..എന്റെ 26 വർഷത്തെ കളരി പരിചയസമ്പത്തിൽ സ്വന്തം അഞ്ച് കളരികളിൽ കുട്ടികൾക്ക് എനിക്ക് അച്ഛൻ പകർന്നു തന്ന അറിവുകൾ ചിട്ടയോടും വിശ്വാസത്തോടുകൂടിയും ഇപ്പോളും പകർന്നു കൊണ്ടിരിക്കുന്നു.....







## *JULY* - Liability Products

**1st** — 19 Lacs



Jose Mohan
Vice-President

**2nd** — 5 Lacs



Mariyama Pious
Vice Chairman

**3rd** — 4 Lacs



Sindhu RB
Branch Manager- Trivandrum

# FUN FROLIC

## HAPPY BIRTHDAY


Mariyama Pious


Dhrishnu S


Radhika K


Santhosh Rash


Franko



Anjali Nair


Anush V Vidyasagar


Kiran CR


Navya M M


Anirudh


Rohit PS


Jayalakshmi



Vivek EV

## PENCIL DRAWING




**SWETHA**
Executive - Vehicle Loan

## PAINTING




**SINSHA RUDRA**
Operation Executive




# Answer & Win!

## 1)What is the name of the “Product of the month”?
## 2)Mention the duration of “Product of the month”?

Answer all the above questions and WhatsApp
with your Member ID, Full Name and Mobile number to 9072597329
or Email to media@mmsccs.com

**Terms & Conditions**

1) Lucky draw contest is brought to you by Malankara Credit Society
2) To be eligible to participate, you should be a member of Malankara Credit Society
3) Malankara Credit Society employees are not eligible for the contest
4) The contest will be open till 15th of September 2022, 12 PM.
5) If you answer all the quiz questions correctly you will be entitle for a lucky draw which will be carried out amongst the participants who have answered the questions correctly.
6) Draw of the lots will be carried out 16th of September 2022 and the winner will be selected by random draw of lots.
7) The declared winner will be eligible for gold coin.

Terms and conditions apply

for members only

## PRODUCT OF THE MONTH
### MSD SUPREME - DOUBLING PRODUCT (6 YEARS)

| Sl No | DEPOSIT AMOUNT | MATURITY VALUE |
|---|---|---|
| 1 | 10,000 | 20,000 |
| 2 | 25,000 | 50,000 |
| 3 | 50,000 | 1,00,000 |
| 4 | 1,00,000 | 2,00,000 |
| 5 | 2,00,000 | 4,00,000 |
| 6 | 2,50,000 | 5,00,000 |
| 7 | 5,00,000 | 10,00,000 |
| 8 | 10,00,000 | 20,00,000 |



മലങ്കര ക്രെഡിറ്റ് സൊസൈറ്റി ഇ മാഗസിൻ, 'പെറ്റൽസ്' വാല്യം 7 ലക്കി ഡ്രോ മത്സര വിജയി ശ്രീമതി ശശികല സൂര്യനാരായൺ, വൈസ് ചെയർമാൻ ശ്രീമതി മറിയാമ്മ പീയൂസിൽ നിന്ന് സ്വർണ്ണ നാണയം ഏറ്റുവാങ്ങുന്നു